STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.05/PR/SPMC/PHQ/2021 Date :04.01.2021

## മാനസികനില തെറ്റിയ മധ്യപ്രദേശുകാരൻ നോട്ടുവിന് തുണയായി തിരൂർ പോലീസ്

നോട്ടുവിന്റെ ഓർമ്മകളിൽ തന്റെ ഗ്രാമവും അച്ഛനുമമ്മയും സഹോദരങ്ങളുമുണ്ട്. കൈവിടാതെ കൂടെ സൂക്ഷിക്കുന്ന നോട്ടുപുസ്തകത്തിൽ ഹിന്ദിയിൽ തന്റെ ഉറ്റവരുടെ വിവരങ്ങൾ വടിവൊത്ത അക്ഷരത്തിൽ നോട്ടു എഴുതിക്കാണിക്കും. മധ്യപ്രദേശിലെ പ്രാദേശികഭാഷയും ഹിന്ദിയും കലർത്തി വടക്കേഇന്ത്യയുടെ ഉച്ചാരണത്തിൽ തെളിഞ്ഞചിരിയോടെ സംസാരിക്കും.

പക്ഷേ ആ മങ്ങിയ ഓർമ്മകൾക്കപ്പുറത്തേക്ക് അവന്റെ ലോകം നിശ്ചലമാണ്. കോവിഡ് പടർന്നുപിടിച്ചു തുടങ്ങിയ കാലത്ത് മലപ്പുറത്ത് വന്നുപെട്ടതാണ് ഓർമ്മകൾ മാഞ്ഞ 20 വയസ്സുള്ള ഈ അന്യസംസ്ഥാനക്കാരൻ. അന്നുമുതൽ മഴയത്തും വെയിലത്തും തിരൂർ പൊന്നാനി റൂട്ടിലെ ചമ്രവട്ടം പാലത്തിന് സമീപം രാപകൽ വ്യത്യാസമില്ലാതെ ഇയാളുണ്ട്. ഭക്ഷണം എത്തിച്ചു നൽകുന്ന സമീപവാസികളോട് മാന്യമായി പെരുമാറും, പിന്നെ ആർക്കും ശല്യമില്ലാതെ കൈയിലെ നോട്ട്പുസ്തകത്തിൽ കുത്തിക്കുറിച്ചുകൊണ്ടിരിക്കും. പൊതുവെ ശാന്തനായിരുന്ന നോട്ടു അക്രമാസക്തനായിത്തുടങ്ങിയതോടെ കഴിഞ്ഞദിവസം തിരൂർ ജനമൈത്രി പോലീസ് ഇയാളെ മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റി.

പാലത്തിന്റെ നടപ്പാതയിലെ നോട്ടുവിന്റെ ലളിതജീവിതം ചിത്രീകരിച്ച് ആരോ സോഷ്യൽമീഡിയയിൽ പോസ്റ്റ് ചെയ്തതോടെ മൊബൈൽ വീഡിയോ കമ്പക്കാർ നോട്ടുവിന്റെ പിന്നാലെകൂടിയതാണ് ഇയാളെ അസ്വസ്ഥനാക്കിയതെന്ന് പോലീസ് പറയുന്നു. എന്തും മൊബൈൽ ഫോണിൽ പകർത്താനുള്ള വ്യഗ്രതയിൽ ജനം കൂട്ടംകൂടിയതും ചിതറിയ ഓർമ്മകൾ മാത്രമുള്ള നോട്ടുവിന് ഇഷ്ടമായില്ല.

കോവിഡ് ലോക്ഡൗൺ കാലംമുതൽ തെരുവോരത്ത് താമസിക്കുന്ന നോട്ടു തിരൂർ പോലീസിന് ചിരപരിചിതനാണ്. മഹാമാരിക്കാലത്ത് പലതവണ ഇയാളെ തെരുവോരത്ത് നിന്ന് മാറ്റാൻ പോലീസ് ശ്രമിച്ചെങ്കിലും ഫലവത്തായില്ല. വഴിയാത്രക്കാർക്ക് നേരെ നോട്ടു അക്രമാ

സക്തനാകുന്ന വിവരമറിഞ്ഞെത്തിയ തിരൂർ പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരോടും നോട്ടു ആദ്യം സഹകരിച്ചില്ല. ഒടുവിൽ പോലീസ് അനുനയിപ്പിച്ച് തിരൂർ സർക്കാർ ആശുപത്രിയിലെത്തിച്ച് കോവിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് ആണെന്ന് സ്ഥിരീകരിച്ചു. ആദ്യം സഹകരിച്ചില്ലെങ്കിലും പിന്നീട് പോലീസുകാർക്കൊപ്പം നോട്ടു സന്തോഷവാനായിരുന്നു. വെറും ഇരുപത് വയസ് മാത്രമുള്ള ചെറുപ്പക്കാരൻ വീണ്ടും തെരുവിലേക്ക് എത്താതിരിക്കാനാണ് പിന്നീട് പോലീസ് ശ്രമിച്ചത്. മതിയായ ചികിൽസ ലഭ്യമാക്കി അയാളെ പൊതുശ്രേണിയിലേക്ക് കൊണ്ടുവരാൻ ജനമൈത്രി പോലീസ് ഒത്തുചേർന്നു.

മലപ്പുറം ജില്ലകളിൽ പ്രാദേശികമായി ചില മാനസികാരോഗ്യകേന്ദ്രങ്ങളുണ്ടെങ്കിലും വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കാനായി ആദ്യം തൃപ്പങ്ങോട് മെഡിക്കൽ ഓഫീസറെ സമീപിച്ച് ചർച്ച നടത്തി. കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിൽ എത്തിക്കാനായിരുന്നു ഡോക്ടറുടെ നിർദ്ദേശം. തുടർന്ന് തൃപ്പങ്ങോട് മെഡിക്കൽ ഓഫീസറുടെ റെഫറൻസ് ലെറ്ററും തിരൂർ ഇൻസ്പെക്ടറുടെ റിപ്പോർട്ടും സഹിതം നോട്ടുവിനെ കുതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിലെത്തിച്ച് അഡ്മിറ്റ് ചെയ്തു. ചികിൽസയിൽ വരുന്ന മാറ്റങ്ങളും പുരോഗതിയും അറിയിക്കാൻ ബന്ധപ്പെടാനായി തിരൂർ പോലീസ് സ്റ്റേഷന്റെ നമ്പരും നൽകിയാണ് പോലീസുദ്യോഗസ്ഥർ മടങ്ങിയത്.

ആരോഗ്യപുരോഗതിയ്ക്കനുസരിച്ച് കിട്ടുന്ന വിവരങ്ങൾ വച്ച് നോട്ടുവിന്റെ ബന്ധുക്കളെ കണ്ടെത്തി നാട്ടിലെത്തിക്കാൻ ശ്രമിക്കുമെന്ന് തിരൂർ പോലീസ് സ്റ്റേഷനിലെ ജനമൈത്രി ബീറ്റ് ഓഫീസറായ യു.കെ.ഹരികുമാർ പറഞ്ഞു. മറ്റ് ജനമൈത്രി ഉദ്യോഗസ്ഥരായ റെജി.എസ്, സജീവ്.എം. എന്നിവരും ചേർന്നാണ് നോട്ടുവിനെ ആശുപത്രിയിലെത്തിച്ചത്.

**ഫോട്ടോക്യാപ്ഷൻ**

ഫോട്ടോ 1,2 – തിരൂർ പോലീസ് സ്റ്റേഷനിലെ ജനമൈത്രി ബീറ്റ് ഓഫീസർമാരായ യു.കെ.ഹരികുമാർ, റെജി.എസ്, സജീവ്.എം എന്നിവർ നോട്ടുവിനെ ആശുപത്രിയിലേക്ക് മാറ്റാൻ ശ്രമിക്കുന്നു.

************************